പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.429 — 04.06.2018 ൽ മറുപടി നൽകേണ്ടത്

## സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ. ശശി | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യപ്പെടുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാര പരിശോധനകൾ നടത്തുന്നതിനായി നിലവിൽ സ്വീകരിച്ച് വരുന്ന സംവിധാനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (എ) സപ്ലൈകോ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണ നിലവാരം ഉറപ്പാക്കുന്നതിന് ഡിപ്പോ തലത്തിലും വിൽപ്പനശാലാ തലത്തിലും കർശനമായ ഗുണനിലവാര നിയന്ത്രണ സംവിധാനങ്ങൾ നിലവിലുണ്ട്. ആവശ്യമായ സന്ദർഭങ്ങളിൽ സാമ്പിളുകൾ CFRD/RAL (Regional Analytical Laboratory) മറ്റ് NABL (National Accreditation Board for Testing and Calibration Laboratories) അക്രഡിറ്റഡ് ലാബുകളിലേക്ക് നൽകി ഗുണനിലവാരം ഉറപ്പാക്കിയതിനുശേഷമാണ് സ്വീകരിക്കുന്നത്. വിൽപ്പനശാലകളിൽ നിന്നും ഡിപ്പോകളിൽ നിന്നും റാൻഡമായി പായ്ക്കറ്റ് ഭക്ഷ്യവസ്തുക്കൾ ഉൾപ്പടെ ശേഖരിച്ച് CFRD മറ്റ് NABL ലാബുകളിൽ ക്രമമായി പരിശോധിച്ചുവരുന്നു. കോർപ്പറേഷൻ വിൽക്കുന്ന പാക്കറ്റ് വസ്തുക്കൾക്ക് ISO 22000 / HACCP (Hazardous and Critical Control Point)/ AGMARK/ FSSAI (Food Safety and Standard Authority of India) ഗുണനിലവാരം നിർബന്ധമാക്കിയിട്ടുണ്ട്. |
| (ബി) ഈ സർക്കാർ കാലയളവിൽ കോർപ്പറേഷൻ വിതരണം നടത്തിയ ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാര പരിശോധനകളിൽ ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയ ഭക്ഷ്യവസ്തുക്കളുടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) വിതരണം നടത്തിയ ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാര പരിശോധനകളിൽ പഞ്ചസാര ഗുണനിലവാരം കുറഞ്ഞതായിരുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ട്. |

| | |
|---|---|
| (സി) ഗുണനിലവാരമില്ലാത്ത ഭക്ഷ്യ വസ്തുക്കൾ വാങ്ങിയത് ഏത് സ്ഥാപനങ്ങളിൽ നിന്നാണെന്നും എത്ര അളവ് വാങ്ങിയെന്നും ആയതിൽ വിപണനം നടത്തിയത് എത്ര അളവെന്നും ശേഷിച്ചവയിൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ? | (സി) വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ഇനം | വിതരണം ചെയ്ത സ്ഥാപനത്തിന്റെ പേര് | വാങ്ങിയ അളവ് (മെ. ടണ്ണിൽ) | വിറ്റ അളവ് (മെ. ടണ്ണിൽ) | ശേഷിക്കുന്നത് | നടപടി |
|---|---|---|---|---|---|
| പഞ്ചസാര | M/s Taraji Ghe Warchemd & Co. | 235.2 | 235.2 | Nil | പിഴ ചുമത്തുകയും ഇ-ടെണ്ടർ, ഇ-ഓക്ഷൻ എന്നിവയിൽ പങ്കെടുക്കുന്നതിൽ നിന്ന് 3 മാസത്തേയ്ക്ക് വിലക്ക് ഏർപ്പെടുത്തുകയും ചെയ്തു. |
| പഞ്ചസാര | M/s R G Athul Comrade Ltd. | 112.5 | 112.5 | Nil | പിഴ ചുമത്തുകയും ഇ-ടെണ്ടർ, ഇ-ഓക്ഷൻ എന്നിവയിൽ പങ്കെടുക്കുന്നതിൽ നിന്ന് 3 മാസത്തേയ്ക്ക് വിലക്ക് ഏർപ്പെടുത്തുകയും ചെയ്തു. |
| പഞ്ചസാര | M/s Gautham Sugar Company. | 224 | 224 | Nil | പിഴ ചുമത്തുകയും ഇ-ടെണ്ടർ, ഇ-ഓക്ഷൻ എന്നിവയിൽ പങ്കെടുക്കുന്നതിൽ നിന്ന് 3 മാസത്തേയ്ക്ക് വിലക്ക് ഏർപ്പെടുത്തുകയും ചെയ്തു. |
| പഞ്ചസാര | M/s Abhiraj Agency. | 54 | 54 | Nil | പിഴ ചുമത്തുകയും ഇ-ടെണ്ടർ, ഇ-ഓക്ഷൻ എന്നിവയിൽ പങ്കെടുക്കുന്നതിൽ നിന്ന് 3 മാസത്തേയ്ക്ക് വിലക്ക് ഏർപ്പെടുത്തുകയും ചെയ്തു. |
| പഞ്ചസാര | M/s Dhanraj & Company. | 1030 | 1030 | Nil | പിഴ ചുമത്തുകയും ഇ-ടെണ്ടർ, ഇ-ഓക്ഷൻ എന്നിവയിൽ പങ്കെടുക്കുന്നതിൽ നിന്ന് 3 മാസത്തേയ്ക്ക് വിലക്ക് ഏർപ്പെടുത്തുകയും ചെയ്തു. |
| പഞ്ചസാര | M/s Harikishan & Company. | 620 | 620 | Nil | പിഴ ചുമത്തുകയും ഇ-ടെണ്ടർ, ഇ-ഓക്ഷൻ എന്നിവയിൽ പങ്കെടുക്കുന്നതിൽ നിന്ന് 3 മാസത്തേയ്ക്ക് വിലക്ക് ഏർപ്പെടുത്തുകയും ചെയ്തു. |